**A** | **812**

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2023-24

## മലയാളം

ക്ലാസ് : 8 | അടിസ്ഥാനപാഠാവലി | സമയം : 1½ മണിക്കൂർ | സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**
**( 1 സ്കോർ വീതം)** **(4 x 1 = 4)**

1. "അക്കാലം പൂക്കളം തീർത്തതോർക്കുന്നു ഞാൻ
നിശ്ചയമമ്മയോടൊത്തുതന്നെ"

ഏത് കാലത്തെക്കുറിച്ചുള്ള ഓർമ്മയാണ് ഇവിടെ സൂചിപ്പിക്കുന്നത്?

- കൗമാരം
- യൗവനം
- ബാല്യം
- വാർധക്യം

2. "എടോ, ഗജേറ്റല്ല; ഗസറ്റ്. ഗസറ്റെന്നു താൻ കേട്ടിട്ടില്ലേ?"

ഇതിൽ തെളിയുന്ന ഭാവം എന്ത്?

- സങ്കടം
- അത്ഭുതം
- ദേഷ്യം
- പരിഹാസം

3. ശരിയായ പദച്ചേരുവ കണ്ടെത്തുക

- വാഴക്കൂട്ടം - വാഴ, ക്കൂട്ടം
- കോണിപ്പടികൾ - കോണി, പടികൾ
- കൈവശമുള്ള - കൈവശം, മുള്ള
- തുകൽത്താളുകൾ - തുകൽ, ത്താളുകൾ

4. "<u>വരാമ്പോകുന്ന കാര്യം കാണാൻ കണ്ണില്ലാത്തോര്</u>
പിന്നെ എന്തിന് ഇതിനൊക്കെ പോകുന്നു?"

അടിവരയിട്ട വാക്യം നൽകുന്ന ആശയമെന്ത്?

- കാര്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കാൻ കഴിയാത്തവർ
- കാര്യങ്ങൾ മനസ്സിലാക്കാൻ താൽപര്യം ഇല്ലാത്തവർ
- കാര്യങ്ങൾ മനസ്സിലാക്കാനുള്ള ശക്തി നഷ്ടമായവർ
- കാര്യങ്ങളിൽ അതീവ ശ്രദ്ധയുള്ളവർ

5. "അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-
മില്ലാതിരുന്നൊരാപ്പോയ കാലം "- ഈ വരികളുടെ സമാനതാളത്തിലുള്ള വരികൾ കണ്ടെത്തിയെഴുതുക.

- "മാലുള്ളതാണീ മഹിയെന്നുവെച്ചു
  മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?"
- "കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണേ കുയിലാളെ
  കൊട്ടുവേണം കുഴൽവേണം കുരവവേണം"
- "അങ്കണത്തൈമാവിൽനിന്നാദ്യത്തെപ്പഴം വീഴ്കെ-
  യമ്മതൻ നേത്രത്തിൽനിന്നുതിർന്നു ചുടുകണ്ണീർ"
- "അമ്മയ്ക്കു നൽകുവാൻ ചെമ്മുള്ള ചേലകൾ
  നന്ദൻതൻ കൈയിലെ നൽകിച്ചൊന്നാൻ"

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (2 x 2 = 4)

6. മാതൃകപോലെ എഴുതുക

കൃഷിയിറക്കാനുള്ള - കൃഷി, ഇറക്കാൻ, ഉള്ള
ഇത്തിരിമണ്ണില്ലാതെത്രപേർ -

7. "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ"

അമ്മയും തുമ്പയും ഒന്നുപോലെ എന്നു പറയുന്നതിന്റെ കാരണങ്ങൾ കണ്ടെത്തുക? ( രണ്ടെണ്ണം )

8. "നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ സൂക്ഷിക്കണം."

ജ്ഞാനിയുടെ ഓർമ്മപ്പെടുത്തലിന്റെ പൊരുൾ എന്ത്?

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ( 4 സ്കോർ വീതം ) (5 x 4 = 20)

9. "അയാളുടെ കാലടികൾ ഇടറുന്നുണ്ടായിരുന്നു. കൈ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ഠം ഉണങ്ങിക്കഴിഞ്ഞു. ഹൃദയത്തിൽനിന്ന് ആരോ നടത്തുന്ന വാഴവെട്ടിന്റെ മാറ്റൊലികളും."

(ആ വാഴവെട്ട്)

സ്വന്തം വാഴകൾ വെട്ടാൻ തയ്യാറാകുന്ന മർക്കോസിന്റെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ വരികൾക്ക് സാധിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. "ഇത്തിരിമണ്ണില്ലാതെത്രപേർ; കൂടുപോൽ
കൊച്ചുവീടെത്ര; പൂവെങ്ങു പിന്നെ!"

(പുതുവർഷം)

ഈ വരികളുടെ ആശയം ഇക്കാലത്ത് എത്രമാത്രം പ്രസക്തമാണ്? കണ്ടെത്തി എഴുതുക.

11. 'ഏതു പ്രതിസന്ധിയിലും പ്രതീക്ഷയുടെ വെളിച്ചം ഉണർന്നു വരികതന്നെ ചെയ്യും'.

ഈ പ്രസ്താവന 'പിന്നെയും പൂക്കുമീ ചില്ലകൾ' എന്ന ശീർഷകവുമായി എത്രമാത്രം യോജിക്കുന്നു? വിശദമാക്കുക.

12. "രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാ മതിയോ? അങ്ങനെയാണെങ്കിൽ ഈ ആശുപത്രീം ഒന്നും വേണ്ടല്ലോ. എല്ലാരേം കൊന്നാപ്പിന്നെ ആശുപത്രി വേണോ?"

(ആ വാഴവെട്ട്)

മർക്കോസിന്റെ വാക്കുകളോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

13. "ആരോടും ചേരുവാനാകാതെ, വൈദ്യുത -
വീചിപോലാപത്തായ് മാറും കാലം"

(പുതുവർഷം)

കൗമാരകാലത്തെ ഇങ്ങനെ വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക.

14. "ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളു. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതു തന്നെയാണ് സന്തോഷത്തിന്റെ രഹസ്യം."

(എണ്ണ നിറച്ച കരണ്ടി)

ജ്ഞാനിയുടെ വാക്കുകൾ ഇന്ന് എത്രത്തോളം പ്രസക്തമാണ്? നിങ്ങളുടെ നിരീക്ഷണം എഴുതുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം ) (2 x 6 = 12)**

15. "പുസ്തകസഞ്ചിയിൽക്കൊച്ചുനെല്ലിക്കയും
പച്ചപ്പുളിയുമൊളിച്ച കാലം"

(പുതുവർഷം)

കവിയുടെ ബാല്യകാലഓർമ്മകളാണ് ഈ വരികളിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇതതരത്തിൽ നിങ്ങളുടെ ഒരു ഓർമ്മ പങ്കുവെച്ച് സുഹൃത്തിന് കത്ത് തയ്യാറാക്കുക.

16. ജീവിതത്തിൽ സുഖവും സന്തോഷവും അനുഭവിക്കുന്നതിനോടൊപ്പം കടമകളും ഉത്തരവാദിത്തങ്ങളും നിറവേറ്റണമെന്ന ആശയം മുന്നോട്ടു വയ്ക്കുന്ന പാഠഭാഗമാണ് 'എണ്ണ നിറച്ച കരണ്ടി'. പാഠഭാഗത്തെ മറ്റ് ആശയങ്ങളും ഉൾപ്പെടുത്തി 'ജീവിതമൂല്യങ്ങൾ കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

17. "തന്റെ ജീവിതത്തിന്റെ രക്തധമനികളായ ആ ചെടികളുടെ ഓരോ ചുവട്ടിലും ഹൃദയഭാരത്തോടുകൂടി അയാൾ നോക്കിനിന്നു."

"വാഴക്കൈകൾ മന്ദമായി വീശി അയാളെ ആശ്വസിപ്പിച്ചു."

"ഇതാണ് എന്റെ അന്നന്നേപ്പം."

(ആ വാഴവെട്ട്)

തന്നിരിക്കുന്ന സൂചനകളും പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് 'മർക്കോസ് - കൃഷിയെ സ്നേഹിച്ച കർഷകൻ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.